**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3025** **25-06-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ജലജീവൻ മിഷൻ സംബന്ധിച്ച് ഓരോ ജില്ലയിലെയും പുരോഗതിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയുടെ ജില്ലതിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.<br><br>ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 19.83 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് ജലജീവൻ മിഷൻ പദ്ധതിയിൽ അനുമതി നൽകിയ കണക്ഷനുകളുടെ 36.42% വരും. സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 53.47% വീടുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാണ്.<br><br>ജലജീവൻ മിഷൻ പദ്ധതിക്കായി ഇതുവരെ ആകെ 9410.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4661.92 കോടി രൂപ കേന്ദ്ര വിഹിതവും 4748.91 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. 2024-25 സാമ്പത്തിക വർഷത്തേക്ക് ജലജീവൻ മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് 1949.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ആദ്യ ഗഡുവായി 292.4 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതമായി ലഭിച്ച തുകക്ക് ആനുപാതികമായി സംസ്ഥാനവിഹിതമായി 285.58 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>ജലജീവൻ മിഷൻ പ്രവർത്തികൾ പൂർത്തിയാക്കിയ വകയിൽ കരാറുകാർക്ക് നിലവിൽ 3281.28 കോടി രൂപ നല്കവാനുണ്ട്. |
| (ബി) | ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വിശദമാക്കുമോ? | (ബി) | ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യകുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഇതുവരെ സംസ്ഥാനത്ത് 19.83 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് ജലജീവൻ മിഷൻ പദ്ധതിയിൽ അനുമതി നൽകിയ കണക്ഷനുകളുടെ 36.42% വരും. സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 53.47% വീടുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാണ്. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br><br>പദ്ധതിനിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭിക്കുന്നതിലും പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് മറ്റു വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകുന്നതിലെ കാലതാമസവും കാരണം പദ്ധതിയിൽ തടസ്സങ്ങൾ നേരിടുന്നുണ്ട്. പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഫണ്ടിന്റെ ലഭ്യതക്കുറവ് പദ്ധതിനിർവ്വഹണത്തിൽ കാലതാമസം വരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട് ഉറപ്പാക്കി ജലജീവൻമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവർത്തികളും പൂർത്തിയാക്കി ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ജലജീവൻ മിഷൻ പദ്ധതിയുടെ ജില്ലതിരിച്ചുള്ള പുരോഗതി

| ജില്ല | ജലജീവൻ മിഷൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള കണക്ഷനുകൾ | നാളിതുവരെ നൽകിയ കണക്ഷനുകൾ | പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| തിരുവനന്തപുരം | 524194 | 272366 | 51.96 |
| കൊല്ലം | 446930 | 278693 | 62.36 |
| പത്തനംതിട്ട | 273171 | 85750 | 31.39 |
| കോട്ടയം | 373493 | 108989 | 29.18 |
| ആലപ്പുഴ | 378352 | 158348 | 41.85 |
| ഇടുക്കി | 241261 | 43439 | 18.00 |
| എറണാകുളം | 346467 | 138812 | 40.06 |
| തൃശൂർ | 438834 | 127131 | 28.97 |
| പാലക്കാട് | 497280 | 218995 | 44.04 |
| മലപ്പുറം | 652951 | 213282 | 32.66 |
| കോഴിക്കോട് | 526159 | 114056 | 21.68 |
| വയനാട് | 148944 | 25586 | 17.18 |
| കണ്ണൂർ | 376986 | 159604 | 42.34 |
| കാസർഗോഡ് | 220320 | 37931 | 17.22 |
| **ആകെ** | **5445342** | **1982982** | **36.42** |